# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.08.2024** **TIME : 12.50 pm**

## പ്രധാന വാർത്തകൾ

1. ഇന്ത്യ മുന്നോട്ട് വച്ച യു.പി.ഐ പണമിടപാട് സംവിധാനം അന്താരാഷ്ട്ര തലത്തിൽ മാതൃക സൃഷ്ടിച്ചതായി ആഗോള ഫിൻടെക് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India's UPI has become a great example of Fintech, says PM Modi while attending Global FinTech Fest in Maharashtra.**

2. മഹാരാഷ്ട്രയിലെ വധാവൻ തുറമുഖത്തിൻറെ ശിലാസ്ഥാപനം പ്രധാനമന്ത്രി അൽപസമയത്തിനകം നിർവഹിക്കും. അർത്തുങ്കൽ, കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ വികസന പദ്ധതികൾക്കും തുടക്കം കുറിക്കും.

   **PM will lay foundation stone of Vadhvan Port project worth 76 thousand crore rupees in Palghar district of Maharashtra today. PM will also launch the Arthungal and Koyilandi fishing harbour development projects via online.**

3. രാജ്യത്തിന്റെ പ്രതിരോധ കയറ്റുമതി, വലിയ തോതിൽ വളർച്ച കൈവരിച്ചതായും, 2029 - ഓടെ ഇത് 50,000 കോടിയിൽ എത്തുമെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്.

   **India's defence export is growing rapidly and Government aims to attain 50,000 crores export by 2029, says Defence Minister Rajnath Singh**

4. വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിന് ഇന്ന് ഒരുമാസം; നിയമസഭ പരിസ്ഥിതി സമിതി ദുരന്തമേഖല സന്ദർശിക്കുന്നു.

**One month completes after the Wayanad landslide, search activities for the missing people still continues**

5. വഖഫ് ഭേദഗതി ബിൽ പരിശോധനയ്ക്കായി നിയോഗിക്കപ്പെട്ട പാർലമെൻററി സംയുക്ത സമിതി യോഗം, ന്യൂഡൽഹിയിൽ ആരംഭിച്ചു.

**The Joint Committee on the Waqf(Amendment) Bill, 2024 will meet today in New Delhi to seek views and suggestions from various stakeholders.**

************************************

## PM FINTECH

ഗ്രാമനഗര ഭേദമില്ലാതെ, രാജ്യത്ത് എല്ലായിടത്തും 24 മണിക്കൂറും ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കാനായത് ഫിൻടെക് രംഗത്തെ ഇന്ത്യയുടെ നേട്ടമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യ മുന്നോട്ട് വച്ച യു.പി.ഐ പണമിടപാട് സംവിധാനം അന്താരാഷ്ട്ര തലത്തിൽ മാതൃക സൃഷ്ടിച്ചതായും മുംബൈയിൽ ആഗോള ഫിൻടെക് ഫെസ്റ്റിനെ അഭിസംബോധന ചെയ്യുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ഫിൻടെക് മേഖലയിലെ ഇന്ത്യയുടെ വൈവിധ്യം അതിശയകരമാണെന്ന് പറഞ്ഞ പ്രധാനമന്ത്രി സാമ്പത്തിക ഉൾച്ചേർക്കൽ ശക്തിപ്പെടുക്കാൻ ഫിൻടെക് മേഖലയിലെ വിപ്ലവം സഹായിച്ചതായും ചൂണ്ടിക്കാട്ടി,

(ഹോൾഡ്)

പേയ്മെൻറ് കൗൺസിൽ ഓഫ് ഇന്ത്യ, നാഷണൽ പേയ്മെൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ഫിൻടെക് കൺവെർജൻസ് കൗൺസിൽ എന്നിവ സംയുക്തമായാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. ഫിൻടെക് മേഖലയിലെ വിദഗ്ധരും

നയരൂപകർത്താക്കളും ഉൾപ്പെടെ 800 ലധികം പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.

************************************

## PM ARTHUNGAL

ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം ഓൺലൈനായി നിർവഹിക്കും. മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകുന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് മുഖ്യ പ്രഭാഷണം നടത്തും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, കൃഷി മന്ത്രി പി. പ്രസാദ് കെ.സി.വേണുഗോപാൽ എം.പി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. കൊയിലാണ്ടി മത്സ്യ ബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനവും പ്രധാനമന്ത്രി ഇന്ന് ഓൺലൈനായി നിർവഹിക്കും. നിർമാണത്തിനും നവീകരണത്തിനും 20.9 കോടി രൂപയുടെയും ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി 5.88 കോടി രൂപയുടെയും ഭരണാനുമതിയാണ് പദ്ധതിക്ക് ലഭിച്ചത്. വിവിധ സംസ്ഥാനങ്ങളിലായി 1,560 കോടി രൂപയുടെ 218 ഫിഷറീസ് പദ്ധതികൾക്കാണ് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കുന്നത്. മത്സ്യമേഖലയുടെ അടിസ്ഥാനസൗകര്യ വികസനവും, ഉത്പാദന ശേഷിയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഫിഷറീസ് രംഗത്ത് 5 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതികളിലൂടെ സാധിക്കും. സംയോജിത അക്വാപാർക്കുകൾ ഉൾപ്പെടെയുള്ള പദ്ധതികൾക്കും പ്രധാനമന്ത്രി ചടങ്ങിൽ തുടക്കം കുറിക്കും.

************************************

## PM PALGHAR

മഹാരാഷ്ട്രയിലെ പാൽഘറിൽ 76,000 കോടി രൂപ ചെലവിൽ നിർമിക്കുന്ന വധാവൻ തുറമുഖത്തിൻറെ ശിലാസ്ഥാപനം

പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം നിർവഹിക്കും. രാജ്യ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന വധാവൻ തുറമുഖം സമ്പദ് രംഗത്തിനും, വ്യാപാരമേഖലയ്ക്കും കൂടുതൽ കരുത്ത് പകരും. വളരെ വലിയ കാർഗോ, കണ്ടയിനർ കപ്പലുകൾ അടുപ്പിക്കാൻ സാധിക്കുന്ന തരത്തിലാണ് തുറമുഖം നിർമിക്കുന്നത്. അന്താരാഷ്ട്ര കപ്പൽ പാതകൾക്ക് അടുത്ത് നിൽക്കുന്ന ആഴമേറിയ ഇന്ത്യൻ തുറമുഖങ്ങളിലൊന്നായിരിക്കും വധാവൻ തുറമുഖം. 360 കോടി രൂപയുടെ ദേശീയ വെസൽ കമ്യൂണിക്കേഷൻ സംവിധാനത്തിനും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും. ഇതിലൂടെ മത്സ്യബന്ധന യാനങ്ങളിൽ ഒരു ലക്ഷം ട്രാൻസ്പോണ്ടറുകൾ ഘട്ടംഘട്ടമായി സ്ഥാപിക്കും. കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുമായി ആശയവിനിമയം സാധ്യമാക്കുന്ന ട്രാൻസ്പോണ്ടറുകൾ ഐ.എസ്.ആർ.ഒ ആണ് വികസിപ്പിച്ചത്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ ഇവയിലൂടെ സാധിക്കും.

**************************************************

## RAJNATH SINGH

ജനാധിപത്യത്തിൽ മാധ്യമങ്ങൾ നിർണായക പങ്ക് വഹിക്കുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്. നിയമനിർമ്മാണ സഭ, നീതിന്യായ വ്യവസ്ഥ ഭരണനിർവ്വഹണം തുടങ്ങിയവ പോലെ തന്നെ ജനാധിപത്യത്തിന്റെ നെടുംതൂണാണ് മാധ്യമങ്ങളെന്നും തിരുവനന്തപുരത്ത് സ്വകാര്യ മാധ്യമ കോൺക്ലേവ് ഉദ്ഘാടനം ചെയ്യവെ അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ ജീവിതത്തിൽ ചെറുതും വലുതുമായ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഒന്നാം നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വന്നത് മുതൽ ശ്രമിക്കുന്നത്. പ്രതിസന്ധികൾ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് ഏതോരു സർക്കാരിന്റേയും കാര്യക്ഷമത തെളിയിക്കുന്നതെന്നും, കോവിഡ് മഹാമാരിയെ ഇന്ത്യ നേരിട്ട രീതി ചൂണ്ടിക്കാട്ടി അദ്ദേഹം പറഞ്ഞു. ഇന്ത്യൻ സമ്പദ് വ്യവസ്ഥ മികച്ച വളർച്ച കൈവരിച്ച്

മുന്നേറുകയാണ്. രാജ്യത്തിന്റെ പ്രതിരോധ കയറ്റുമതിയിൽ ഈ മുന്നേറ്റം പ്രകടമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 2029 - ഓടെ 50,000 കോടിയിൽ എത്തിക്കുയാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്നും ശ്രീ രാജ്നാഥ് സിങ്ങ് പറഞ്ഞു. ചടങ്ങിൽ വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ മരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച കേന്ദ്രമന്ത്രി വിവിധ സേനാ വിഭാഗങ്ങളുടെ രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി തിരുവനന്തപുരത്ത് എത്തിയ ശ്രീ രാജ്നാഥ് സിങ്ങ്, ഗവർണർ ആരിഫ് മുഹമ്മദ് ഖാനുമായി രാജ്ഭവനിൽ കൂടിക്കാഴ്ച നടത്തി.

*************************************************************

## WAQF MEETING

വഖഫ് (ഭേദഗതി) ബില്ല് 2024 ൻറെ പരിശോധനയ്ക്കായി നിയോഗിക്കപ്പെട്ട പാർലമെൻററി സംയുക്ത സമിതി യോഗം, ന്യൂഡൽഹിയിൽ ആരംഭിച്ചു. വിവിധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ബില്ല് സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കാനാണ് യോഗം ചേരുന്നത്. ലോക്സഭാ സെക്രട്ടേറിയറ്റിന്റെ അറിയിപ്പ് അനുസരിച്ച്, മുംബൈയിലെ ഓൾ ഇന്ത്യ സുന്നി ജംഇയ്യത്തുൽ ഉലമയും ന്യൂഡൽഹിയിലെ ഇന്ത്യൻ മുസ്ലിംസ് ഫോർ സിവിൽ റൈറ്റ്സും ഇന്ന് കമ്മിറ്റിക്ക് മുമ്പാകെ അഭിപ്രായം അവതരിപ്പിക്കും. ലോക്സഭാ എംപി ജഗദാംബികപാലിന്റെ അധ്യക്ഷതയിലാണ് പാർലമെന്റിന്റെ സംയുക്ത സമിതി രൂപീകരിച്ചത്. സമിതിയുടെ ആദ്യ യോഗം ഈ മാസം 22ന് ആയിരുന്നു. 31 അംഗ കമ്മിറ്റിയിൽ ലോക്സഭയിൽ നിന്ന് 21 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 10 അംഗങ്ങളും ഉൾപ്പെടുന്നു.

*************************************************************

## WAYANAD UPDATE (INTRO)

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപ്പൊട്ടൽ ദുരന്തത്തിന് ഇന്ന് ഒരുമാസം. കാണതായവർക്കായി തിരച്ചിൽ ഇപ്പോഴും തുടരുകയാണ്. **വിശദാംശങ്ങളുമായി വയനാട് ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്....**

(വോയിസ്)

****************************************

## MODI – PAKISTAN SCO

ഇസ്ലാമാബാദിൽ ഒക്ടോബറിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനാ യോഗത്തിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പാകിസ്ഥാൻ ഔദ്യോഗികമായി ക്ഷണിച്ചു. എസ്.സി.ഒ രാഷ്ട്രത്തലവന്മാരുടെ യോഗത്തിലേക്ക് എല്ലാ അംഗരാജ്യങ്ങളിലെ നേതാക്കളേയും ക്ഷണിച്ചതായി പാകിസ്ഥാൻ വിദേശകാര്യ വക്താവ് മുംതാസ് സഹ്റ ബലോച്ച് പറഞ്ഞു. ഇസ്ലാമാബാദിൽ ഒക്ടോബർ 15, 16 തീയതികളിലാണ് യോഗം. ഇന്ത്യ, ഇറാൻ, കസാക്കിസ്ഥാൻ, ചൈന, കിർഗിസ് റിപ്പബ്ലിക്, പാകിസ്ഥാൻ, റഷ്യ, തജിക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ ഒമ്പത് രാജ്യങ്ങളാണ് എസ്സിഒയിൽ ഉൾപ്പെടുന്നത്.

****************************************

## INDIA-CHINA

അതിർത്തി പ്രദേശങ്ങളിൽ സമാധാനം നിലനിർത്താൻ ഇന്ത്യ-ചൈന ധാരണ. അതിർത്തികാര്യങ്ങൾ സംബന്ധിച്ച ഏകോപന കർമ സമിതിയുടെ ബീജിങ്ങിൽ നടന്ന 31-ാമത് യോഗത്തിലാണ് ഇത് സംബന്ധിച്ച ധാരണയായത്. അതിർത്തി മേഖലയിലെ സമാധാനം പുനഃസ്ഥാപിക്കലും, യഥാർത്ഥ നിയന്ത്രണ രേഖയോടുള്ള ആദരവും ഉഭയകക്ഷി ബന്ധങ്ങളിൽ സാധാരണ

നില കൈവരിക്കുന്നതിന് അത്യാവശ്യമാണെന്ന് ഇരു രാജ്യങ്ങളും നിലപാട് വ്യക്തമാക്കി. വിദേശകാര്യ മന്ത്രാലയ ജോയിൻ്റ് സെക്രട്ടറി ഗൗരംഗലാൽ ദാസാണ് ഇന്ത്യൻ സംഘത്തെ നയിച്ചത്. നയതന്ത്ര-സൈനിക രംഗങ്ങളിൽ ബന്ധം ശക്തമാക്കാനും ഇരു രാജ്യങ്ങളും ധാരണയായി.

**********************************

## MOODYS RATING

ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ച ഈ സാമ്പത്തിക വർഷത്തിൽ വലിയ തോതിൽ കൈവരിക്കുമെന്ന് ന്യൂയോർക്ക് ആസ്ഥാനമായ ആഗോള സാമ്പത്തിക നിലവാര വിലയിരുത്തൽ ഏജൻസിയായ മൂഡീസ് റേറ്റിങ്സ്. 2024 സാമ്പത്തിക വർഷത്തിൽ 7.2 ശതമാനം വളർച്ച കൈവരിക്കാനാകുമെന്നാണ് പ്രവചനം. മുമ്പ് 6.8 ശതമാനം ആയിരുന്നു പ്രവചിച്ചിരുന്നത്. 2025 ലെ ജി.ഡി.പി വളർച്ച 6.4 ശതമാനത്തിൽ നിന്ന് 6.6 ശതമാനമായി ഉയരുമെന്നും പ്രവചിക്കുന്നു. 2024 ന്റെ ആദ്യ പാദത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പ്രതിവർഷം 7.8 ശതമാനം വളർച്ച കൈവരിച്ചതായി മൂഡീസ് ചൂണ്ടിക്കാട്ടി.

**********************************

## QUEER-JOIN ACCOUNT

വ്യത്യസ്ത ലിംഗ വിഭാഗത്തിൽപെട്ടവർക്ക് ജോയിന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും, ക്വീർ ബന്ധമുള്ളയാളെ നോമിനി ആക്കുന്നതിനും തടസ്സങ്ങളില്ലെന്ന് കേന്ദ്ര ധനകാര്യമന്ത്രാലയം. ഇതുമായി ബന്ധപ്പെട്ട് ധനകാര്യസേവന വകുപ്പ് അറിയിപ്പ് പുറത്തിറക്കി. 2023 ലെ സുപ്രീം കോടതി ഉത്തരവിൻറെ പശ്ചാത്തലത്തിലാണ് തീരുമാനം.

**********************************

## RAIN

കേരളത്തിൽ ഏഴു ജില്ലകളിൽ അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥാവകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. വയനാട്ടിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശവും പുറത്തിറക്കി. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരും വെള്ളം കയറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരും ജാഗ്രത പാലിക്കണം. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

**********************************************************************************************************************************************

*********